**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1735** **15-03-2022 - ൽ മറുപടിയ്ക്ക്**

**എം.ജി. സർവകലാശാലയിലെ ചട്ടവിരുദ്ധ നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | null<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | എം.ജി. സർവകലാശാലയിലെ അനധ്യാപക നിയമനം പി.എസ്.സി. മുഖേനയാക്കിയതിനു ശേഷം എത്ര ചട്ടവിരുദ്ധ നിയമനങ്ങൾ നടത്തിയതായാണ് ധനകാര്യ പരിശോധന വിഭാഗം കണ്ടെത്തിയിട്ടുള്ളതെന്നും ഏതൊക്കെ തസ്തികകളിൽ ആർക്കൊക്കെയാണ് ഇപ്രകാരം നിയമനം നൽകിയതെന്നും അറിയിക്കാമോ; | (എ) | 31 ക്ലറിക്കൽ അസിസ്റ്റന്റുമാരുടെ അസിസ്റ്റന്റ് തസ്തികയിലേക്കുള്ള പ്രൊമോഷൻ നിയമനം ചട്ടവിരുദ്ധമാണ് എന്ന പരാമർശം ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ റിപ്പോർട്ടിൽ ഉണ്ട്. സർവ്വകലാശാലക്ക് ബാധകമായ ഓർഡി നൻസും, ആരംഭകാലം മുതലേ സർവ്വകലാശാല നടത്തി വരുന്ന പ്രൊമോഷനും WPC 18632/2014 നമ്പർ കേസിലെ 28.02.2017 തീയ്യതിയിലെ വിധിന്യായവും കൂടി കണക്കിലെടുത്താണ് ക്ലറിക്കൽ അസിസ്റ്റന്റുമാർക്ക് അസിസ്റ്റന്റായി പ്രൊമോഷൻ നൽകിയിട്ടുള്ളത്. 31 ക്ലറിക്കൽ അസിസ്റ്റന്റുമാരുടെ അസിസ്റ്റന്റ് തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തെ തുടർന്ന് ആയത് ചോദ്യം ചെയ്തു കൊണ്ട് ബഹു: ഹൈക്കോടതിയിൽ ഫയൽ ചെയ്ത WPC No.16692/2018(J) നമ്പർ കേസിന്റെ അന്തിമ വിധിക്ക് വിധേയമായിട്ടാണ് ഇത്തരത്തിൽ നിയമനം നൽകിയിട്ടുള്ളത്. |
| (ബി) | 2007-ലെ സുപ്രീം കോടതി വിധി ലംഘിച്ച് ക്ലറിക്കൽ അസിസ്റ്റന്റുമാർക്ക് അസിസ്റ്റന്റ് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം നിയമനം നൽകിയതിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) | 31 ക്ലറിക്കൽ അസിസ്റ്റന്റുമാരുടെ അസിസ്റ്റന്റ് തസ്തികയിലേക്കുള്ള പ്രൊമോഷൻ നിയമനം ചട്ടവിരുദ്ധമാണ് എന്ന പരാമർശം ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ റിപ്പോർട്ടിൽ ഉണ്ട്. സർവ്വകലാശാലക്ക് ബാധകമായ ഓർഡി നൻസും, ആരംഭകാലം മുതലേ സർവ്വകലാശാല നടത്തി വരുന്ന പ്രൊമോഷനും WPC 18632/2014 നമ്പർ കേസിലെ 28.02.2017 തീയ്യതിയിലെ വിധിന്യായവും കൂടി കണക്കിലെടുത്താണ് ക്ലറിക്കൽ അസിസ്റ്റന്റുമാർക്ക് അസിസ്റ്റന്റായി പ്രൊമോഷൻ നൽകിയിട്ടുള്ളത്. 31 ക്ലറിക്കൽ അസിസ്റ്റന്റുമാരുടെ അസിസ്റ്റന്റ് തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തെ തുടർന്ന് ആയത് ചോദ്യം ചെയ്തു കൊണ്ട് ബഹു: ഹൈക്കോടതിയിൽ ഫയൽ ചെയ്ത WPC No.16692/2018(J) നമ്പർ കേസിന്റെ അന്തിമ |

| | | | |
|---|---|---|---|
| | | | വിധിക്ക് വിധേയമായിട്ടാണ് ഇത്തരത്തിൽ നിയമനം നൽകിയിട്ടുള്ളത്. |
| (സി) | പ്രസ്തുത നിയമനങ്ങൾ റദ്ദാക്കി പി.എസ്.സി. മുഖേന അർഹരായ ഉദ്യോഗാർത്ഥികളെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | WP( C) No. 20954 ഹർജിയിന്മേലുള്ള ബഹു: ഹൈക്കോടതിയുടെ 01.08.2019 തീയതി യിലെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ 06.08.2019 തീയതിയിലെ 29439/Ad A1/1/Ad A1/Ad A1 നമ്പർ കത്ത് പ്രകാരം അസിസ്റ്റൻറ് തസ്തികയിലേക്കുള്ള 31 ഒഴിവുകൾ താൽക്കാലികമായി പി.എസ്.സി യിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിലുള്ള കേസുകളിൽ ബഹു: ഹൈക്കോടതിയുടെ അന്തിമ വിധിയുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ